തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ അക്കൗണ്ടിലെ ഇക

26 (*86) ശ്രീ. സി. കെ. നാണു :
ശ്രീ. മാത്യു. റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ അക്കൗണ്ടിൽ ഉണ്ടായിരുന്ന ഇക ട്രഷറിയിൽ അടയ്ക്കാൻ സംസ്ഥാന സർക്കാർ നിർദ്ദേശം നൽകിയിരുന്നോ ;

(ബി) എങ്കിൽ എന്നാണ് ആ നിർദ്ദേശം നല്കിയതെന്നും നിർദ്ദേശം നല്കാൻ കാരണമെന്തെന്നും വ്യക്തമാക്കാമോ ;

(സി) ഗവൺമെന്റ് നിർദ്ദേശം അനുസരിച്ച് ഏതൊക്കെ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ എത്ര ഇകവീതം ട്രഷറിയിൽ നിക്ഷേപിച്ചു ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബിജോൺ) :

(എ) നൽകിയിരുന്നു.

(ബി) കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന് 24-1-2014, 29-3-2014 എന്നീ തീയതികളിലും കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് 29-3-2014, 1-4-2014 എന്നീ തീയതികളിലും അതിനുശേഷം 29-9-2014-ന് എല്ലാ ക്ഷേമനിധി ബോർഡുകൾക്കും സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

മദ്യനയവും വിനോദസഞ്ചാര മേഖലയും

27 (*87) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി മമ്മൂട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യനയത്തിൽ വരുത്തിയ മാറ്റം വിനോദസഞ്ചാര മേഖലയെ ഏതുതരത്തിലാണ് ബാധിക്കുകയെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly